"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കൈപ്പറ്റിയ ഒരു കോടി രൂപ വായ്പയുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

സ.ഉ.(സാധാ) നം.461/2025/LSGD തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.1160/2023/LBR തീയതി 19.09.2023
2. സ.ഉ.(സാധാ)നം.2035/2023/എൽ.എസ്.ജി.ഡി. തീയതി 16.10.2023
3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 30.09.2024-ലെ 5/2024/KTTKB/BM നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.1165/2024/LBR തീയതി 14.11.2024

**ഉത്തരവ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഒരു കോടി രൂപ വായ്പയായി നൽകുന്നതിന് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് പരാമർശം (1) പ്രകാരം അനുമതി നൽകിയത് പ്രകാരം, പരസ്പരം അംഗീകരിച്ച കരാറിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന് പരാമർശം (2) പ്രകാരം അനുമതി നൽകുകയുണ്ടായി. ടി വായ്പയുടെ കാലാവധി 2024 ഒക്ടോബർ 17-ന് അവസാനിക്കുന്ന സാഹചര്യത്തിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെടുന്ന പലിശ നിരക്കിൽ വായ്പയുടെ കരാർ ഒരു വർഷത്തേയ്ക്ക് കൂടി പുതുക്കുന്നതിനു അനുമതി നൽകണം എന്ന് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാന പ്രകാരം ക്ഷേമനിധി ബോർഡ് ചെയർമാൻ പരാമർശം (3) കത്ത് സമർപ്പിക്കുകയുണ്ടായി.

2. 06.09.24-ൽ ചേർന്ന കള്ള് വ്യവസായ ക്ഷേമനിധി ബോർഡ് യോഗം അംഗീകരിച്ചതനുസരിച്ച്, കരാർ പ്രകാരമുള്ള മുഴുവൻ പലിശയും ഈടാക്കി, കരാർ പൂർത്തിയാകുന്ന 18.10.24 മുതൽ 8% പാദവാർഷിക കൂട്ടു പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്ക് കൂടി വായ്പാ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം തൊഴിൽ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെയും ക്ഷേമനിധി ബോർഡിന്റെയും സുഗമമായ പ്രവർത്തനങ്ങൾക്ക് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും എടുത്ത ഒരു കോടി രൂപ വായ്പയുടെ

കാലാവധി, കരാർ പ്രകാരമുള്ള മുഴുവൻ പലിശയും ഒടുക്കി, കരാർ പൂർത്തിയാകുന്ന 18.10.24 മുതൽ 8% പാദവാർഷിക കൂട്ടു പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.), തിരുവനന്തപുരം
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ& ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ലേബർ (ബി) വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 14-02-2025 10:24:43
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്